# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2900    28.01.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനം**

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) സംസ്ഥാനത്തെ ഹയർസെക്കൻഡറി അദ്ധ്യാപക നിയമനത്തിൽ, നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനത്തിനും ഓരോന്നിനും എത്ര ശതമാനം ക്വാട്ടയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. പി. കെ. അബ്ദുറബ്ബ്.
(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) ഹയർസെക്കന്ററി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തിക നികത്തേണ്ടത് യോഗ്യരായ ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ തസ്തികയിൽ നിന്ന് തസ്തികമാറ്റം വഴിയാണ്. യോഗ്യരായ ജൂനിയർ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകർ ലഭ്യമല്ലെങ്കിൽ, യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നും അവരുടെ അഭാവത്തിൽ യോഗ്യരായ അപ്പർ പ്രൈമറി, ലോവർ പ്രൈമറി അദ്ധ്യാപകരിൽനിന്നും 1:3 അനുപാതത്തിൽ യഥാക്രമം തസ്തികമാറ്റം വഴിയും നേരിട്ടുള്ള നിയമനം വഴിയുമാണ് ഹയർസെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് നിയമനം നടത്തേണ്ടത്. അതുപോലെ, 2001-ലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ 25% HSST (Jr) തസ്തിക നികത്തേണ്ടത് യോഗ്യരായ ഹൈസ്കൂൾ അസിസ്റ്റന്റുമാരിൽ നിന്നോ അവരുടെ അഭാവത്തിൽ യോഗ്യരായ UP/LP അദ്ധ്യാപകരിൽ നിന്നുമാണ്. അവശേഷിക്കുന്ന 75%നേരിട്ടുള്ള നിയമനത്തിൽ കൂടിയാണ് നികത്തുന്നത്. 25% ക്വോട്ടയിൽ യോഗ്യരായ HSA/UPSA/LPSA-മാരില്ലെങ്കിൽ അതും നേരിട്ടുള്ള നിയമനം

| | |
|---|---|
| | വഴി നികത്തണമെന്ന് മേപ്പടി റൂളിൽ നിഷ്കർഷിച്ചിരിക്കുന്നു. |
| (ബി) ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ, മിനിസ്റ്റീരിയൽ ജീവനക്കാർ എന്നീ വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും എത്ര ശതമാനം പേരെ സ്ഥാനക്കയറ്റം നൽകി ഇതുവരെ നിയമിച്ചുവെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ; | (ബി) ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചുവരുന്നു. മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും നിയമനം നടത്തിയിട്ടില്ല. |
| (സി) പൊതുവിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ ബൈപ്രൊമോഷൻ വഴി ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിച്ചിട്ടുണ്ടോ ; | (സി) ഇല്ല. |
| (ഡി) ഇല്ലെങ്കിൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൈമറി അദ്ധ്യാപകർ, ഹൈസ്കൂൾ അദ്ധ്യാപകർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരെ ഹയർസെക്കൻഡറി അദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതു പോലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും ബൈപ്രോമോഷൻ വഴി സ്ഥാനക്കയറ്റം നല്കി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കും ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ് അസിസ്റ്റന്റുമാർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകണമെന്ന അപേക്ഷകൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ